# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം.145 | | 30.09.2016-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| മാലിന്യസംസ്കരണം സംബന്ധിച്ച മാനദണ്ഡങ്ങൾ | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.ജോർജ്ജ്.എം.തോമസ്<br>ശ്രീ.റ്റി.വി.രാജേഷ്<br>ശ്രീമതി.പി.അയിഷാ പോറ്റി<br>ശ്രീ.യു.ആർ.പ്രദീപ് | | ശ്രീ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | ആശുപത്രികളിലെയും ഹോട്ടലുകളിലെയും മാലിന്യസംസ്കരണം സംബന്ധിച്ച് എന്തെങ്കിലും മാനദണ്ഡങ്ങളോ നിർദ്ദേശങ്ങളോ പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് 2016 ലെ ഖരമാലിന്യ സംസ്കരണ ചട്ടങ്ങൾ 08.04.2016 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ആശുപത്രികളിൽ നിന്നുണ്ടാകുന്ന ബയോമെഡിക്കൽ വേസ്റ്റുകൾ നിർമ്മാർജ്ജനം ചെയ്യുന്നതിന് Bio-medical Waste Management Rule 2016-ഉം നിലവിലുണ്ട്. കൂടാതെ 1994-ലെ കേരള മുൻസിപ്പാലിറ്റി ആക്റ്റ് സെക്ഷൻ 334 എ പ്രകാരം മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ കൈകാര്യം ചെയ്യുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്റ്റിലും ഇത് സംബന്ധമായ മാനദണ്ഡങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. 1986 ലെ പരിസ്ഥിതി സംരക്ഷണ ആക്റ്റിലേയും (1986 ലെ 29-ാം കേന്ദ്ര ആക്റ്റ്) അതിൻ കീഴിൽ ഉണ്ടാക്കിയിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായും ജലം, വായു, ശബ്ദം എന്നിവയുടെ മലിനീകരണം ഉണ്ടാക്കാത്ത വിധത്തിലും അത്തരം മാലിന്യങ്ങളുടെ ഉറവിട സ്ഥലത്ത് തന്നെയോ സെക്രട്ടറിയുടെ രേഖാമൂലമുള്ള അനുവാദത്തോടു കൂടി അങ്ങനെയുള്ള ആളുടെ ഉടമസ്ഥതയിലുള്ള സമീപ പ്രദേശത്തുള്ള സ്ഥലത്തു വച്ചോ യുക്തമായ രീതിയിൽ സംസ്കരിച്ച് നിർമ്മാർജ്ജനം ചെയ്യേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ ചട്ടങ്ങൾ കൃത്യമായി പാലിക്കുന്നത് ഉറപ്പ് വരുത്തുന്നതിന് നഗരസഭകൾക്ക് കാലാകാലങ്ങൾ ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. |
| (ബി) | ഇത്തരം സ്ഥാപനങ്ങൾ മാലിന്യം സംസ്കരിക്കുന്ന രീതി പരിശോധിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള അനുമതി നൽകുമോ; | (ബി) | ഹോട്ടലുകൾ ഉൾപ്പെടെയുള്ള വ്യവസായ സ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നതിന് (മാലിന്യ സംസ്കരണം ഉൾപ്പെടെ) കേരള മുൻസിപ്പാലിറ്റി ആക്റ്റ് സെക്ഷൻ 451, 344 കേരള പഞ്ചായത്ത് രാജ് ആക്റ്റ് 219 (ആർ) എന്നിവ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനാധികാരികൾക്ക് അധികാരമുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇപ്രകാരമുള്ള മാലിന്യസംസ്കരണത്തിന് കരാർ ഏറ്റെടുക്കുന്നവർ പാതയോരങ്ങളിലും മറ്റു പൊതുസ്ഥലങ്ങളിലും മാലിന്യം നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഈ മേഖലയിൽ പരിചയവും അംഗീകാരവും ഇല്ലാത്ത വ്യക്തികൾ/ ഏജൻസികൾ പാതയോരങ്ങളിലും പൊതുസ്ഥലങ്ങളിലും മാലിന്യങ്ങൾ നിക്ഷേപിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | എങ്കിൽ ഇത് തടയുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | പൊതുസ്ഥലങ്ങളിലും പാതയോരങ്ങളിലും ഇത്തരത്തിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ പിഴ ഈടാക്കുന്നതുൾപ്പെടെയുള്ള കർശന നടപടി തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ സ്വീകരിച്ചു വരുന്നു. വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ വഴിയും ഈ പ്രവണത കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

# വിശദീകരണകുറിപ്പ്

ആശുപത്രികളിലെ ബയോമെഡിക്കൽ മാലിന്യം ഐ.എം.എയുടെ ഭാഗമായ "ഇമേജ്" എന്ന സ്ഥാപനം ശേഖരിച്ച് സാങ്കേതിക മികവ് ഉറപ്പാക്കിയ കേന്ദ്രീകൃത സംവിധാനത്തിൽ സുരക്ഷിതമായി ഇൻസിനറേഷന് വിധേയമാക്കി സംസ്കരിച്ച് വരുന്നു. 2013 ജനുവരി 5-ലെ 21700/ലെഗ്.സി1/2011 നിയമം നമ്പർ വിജ്ഞാപന പ്രകാരം 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 334-ാം വകുപ്പിൽ താഴെപ്പറയുന്ന വകുപ്പുകൾ ചേർത്ത് ഭേദഗതി ചെയ്തിരുന്നു.

വ്യാപാരകേന്ദ്രങ്ങൾ, ആശുപത്രികൾ, ചന്തകൾ, അറവുശാലകൾ, ചിക്കൻസ്റ്റാളുകൾ, മത്സ്യസ്റ്റാളുകൾ, കല്യാണമണ്ഡപങ്ങൾ, ഫ്ളാറ്റുകൾ, ഹോട്ടലുകൾ, ക്യാറ്ററിംഗ് സർവ്വീസ് സെന്ററുകൾ, 400 ച.കീ.മീറ്ററിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള വീടുകൾ എന്നീ കെട്ടിടങ്ങളിൽ/ സ്ഥാപനങ്ങളിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ ഉറവിട സ്ഥലത്ത് തന്നെ ജൈവ-ജൈവേതര മാലിന്യങ്ങളായി തരംതിരിച്ച് സൂക്ഷിക്കേണ്ടതും ഇതിനായി മതിയായ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതുമാണ്.

ജലം, വായു, ശബ്ദം എന്നിവയുടെ മലിനീകരണം ഉണ്ടാകാത്ത വിധത്തിൽ തരംതിരിച്ച ജൈവമാലിന്യങ്ങൾ ഉറവിടസ്ഥലത്ത് തന്നെയോ സെക്രട്ടറിയുടെ രേഖമൂലമുള്ള അനുവാദത്തോടുകൂടി അങ്ങനെയുള്ള ആളുകളുടെ ഉടമസ്ഥതയിലുള്ള സമീപപ്രദേശത്തുള്ള സ്ഥലത്ത് വച്ചോ യുക്തമായ രീതിയിൽ സംസ്ക്കരിക്കേണ്ടതും സ്ഥലപരിമിതിയുള്ള പക്ഷം സർക്കാർ അംഗീകാരമുള്ള മാലിന്യ സംസ്കരണ ഏജൻസികൾ മുഖേനയോ ഉറപ്പുവരുത്തുന്നതിനായി മാലിന്യത്തിന്റെ അളവ്, തരം എന്നിവയ്ക്കനുസൃതമായി ഫീസ് നൽകേണ്ടതുമാണ്.

തരംതിരിച്ച അജൈവമാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി ഇത്തരം സാധനങ്ങൾ ഉത്പാദിപ്പിക്കുന്നതോ വിതരണം ചെയ്യുന്നതുമായ സ്ഥാപനവുമായോ ബന്ധപ്പെട്ട മാലിന്യങ്ങൾ തിരിച്ചെടുക്കുന്നതിനുള്ള കരാറിലേർപ്പെടേണ്ടതും അല്ലാത്തപക്ഷം ഇതിലേക്കായി നിർണ്ണയിക്കപ്പെടുന്ന ഫീസ് മുനിസിപ്പാലിറ്റിയിൽ അടക്കേണ്ടതുമാണ്.

ഇത്തരം സ്ഥാപനങ്ങളിൽ ഉണ്ടാകുന്ന മലിനജലം ഉറവിടസ്ഥലത്ത് തന്നെ ശാസ്ത്രീയമായി സംസ്ക്കരിക്കേണ്ടതും അതിന് കഴിയാത്ത പക്ഷം മലിനജലം ശാസ്ത്രീയമായി സംസ്കരിക്കാൻ കഴിയുന്ന സർക്കാർ ഏജൻസിയുമായി കരാറിലേർപ്പെടേതും മലിനജലം ജലാശങ്ങളിലേക്കോ ഓടകളിലെക്കോ പൊതുസ്ഥലങ്ങളിലെക്കോ ഒഴുക്കാൻ പാടില്ലാത്തതുമാകുന്നു. ഇപ്രകാരം മാലിന്യസംസ്കരണ സംവിധാനങ്ങൾ ഇല്ലാത്ത സ്ഥാപനങ്ങൾക്ക്

പ്രവർത്തനാനുമതി/ലൈസൻസ്/കെട്ടിട നമ്പർ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നും നൽകാൻ പാടില്ലാത്തതുമാകുന്നു. കേരളമൊട്ടാകെ ശുചിത്വമിഷന്റെ അംഗീകാരമുള്ള 2 അക്രഡിറ്റഡ് ഏജൻസികളും 112 സേവനദാതാക്കളും മാലിന്യസംസ്കരണ രംഗത്ത് പ്രവർത്തിച്ചുവരുന്നു.

പ്ലാസ്റ്റിക് സഞ്ചികളും കവറുകളും മറ്റ് മാലിന്യത്തിൽ നിന്നും തരംതിരിച്ച് സൂക്ഷിക്കേണ്ടതും അവ പുനചംക്രമണത്തിന് കൈമാറേണ്ടതുമാണ്. കൂടാതെ 15.02.2016 ലെ സർക്കുലർ നം. 82200/ഡിസി1/2014/തസ്വഭവ പ്രകാരം എല്ലാ ഗ്രാമ പഞ്ചായത്തുകളും നഗരസഭകളും കോർപ്പറേഷനുകളും അഴുകാത്ത മാലിന്യങ്ങൾ എല്ലാ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും തരംതിരിച്ച് ശേഖരിക്കേണ്ടതും റീസൈക്ലിംഗിന് കൈമാറ്റം ചെയ്യപ്പെടേണ്ടതുമാണ് എന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്.